എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203 എ.ആർ.12(1)/13/ഉ.ഭ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഓരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി ഓഫീസ് ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പെൻഷൻ പ്രായം ഉയർത്തൽ

24 (24) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻപ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്, വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ ചുമതലയേറ്റതിനുശേഷം വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 26-3-2012-ലെ സ.ഉ.(അ)നം.183/12/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം 56 വയസ്സായി ഉയർത്തിയിട്ടുണ്ട്. വിരമിക്കൽ പ്രായം 56 വയസ്സായി സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓരോ വകപ്പും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനായി നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യാനുസരണം ഭേദഗതികൾ വരുത്തേണ്ടതാണെന്ന് 10-10-2012-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

2. 24-2-2014-ലെ സ.ഉ.(കൈ)18/14/മ.ഇ.വ. നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള അഡാക്കിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്. 18-6-2011-ലെ സ.ഉ.നം.62/11 മ.ഇ.വ. പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്.

3. മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. തൊഴിൽ വകുപ്പിനുകീഴിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ വർക്കർമാരുടെ വിരമിക്കൽ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. 30-6-2012-ലെ സ.ഉ.(കൈ)167/2012/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കിറ്റ്സിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 16-1-2012-ലെ സ.ഉ.(കൈ) 13/2012/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. 30-3-2012-ലെ സ.ഉ.(കൈ) നമ്പർ 105/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെയും ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

7. 7-4-2012-ലെ സ.ഉ.(കൈ) നമ്പർ 107/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

8. 9-4-2012-ലെ സ.ഉ.(കൈ) നമ്പർ 108/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

9. 26-2-2014-ലെ സ.ഉ.(കൈ) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

10. 27-6-2014-ലെ സ.ഉ.(കൈ) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

11. 4-1-2014-ലെ സ.ഉ.(കൈ) നമ്പർ 8/2014/ആ.ക.വ. പ്രകാരം സർക്കാർ നേഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻപ്രായം 60 ആയി വർദ്ധിപ്പിച്ചു.

12. 30-4-2014-ലെ സ.ഉ. (കൈ) നമ്പർ 131/2014/ആ.ക.വ. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

13. 30-5-2014-ലെ സ.ഉ.(കൈ) നമ്പർ 160/2014/ആ.ക.വ. പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

14. 28-7-2012-ലെ സ.ഉ.(കൈ) നമ്പർ 134/2012/റ്റി.ഡി. പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

15. 31-10-2014-ലെ സ.ഉ.(അ) നമ്പർ 469/2014/ധന. പ്രകാരം 1-4-2013-നോ അതിനുശേഷമോ ജോലിയിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിശദാംശങ്ങൾ

25 (25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് മുഖ്യമന്ത്രിയടക്കം എല്ലാ മന്ത്രിമാർക്കും സർക്കാർ ചീഫ് വിപ്പിനുമായി എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; 2014 ജനുവരിക്കുശേഷം എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ നിയമിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് മുഖ്യമന്ത്രിയടക്കം എല്ലാ മന്ത്രിമാർക്കും സർക്കാർ ചീഫ് വിപ്പിനുമായി ആകെ 623 പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2014 ജനുവരിക്കുശേഷം നിയമിക്കപ്പെട്ട പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly